# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ–ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഒക്ടോബർ 11, വെള്ളി

**നമ്പർ 156**

**രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.**

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 20-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ മേശപ്പുറത്തുവച്ചു.

**നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :**

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളിന്മേൽ അന്വേഷണം നടത്താത്ത സാഹചര്യം പൊതുസമൂഹത്തിന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമയും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് ചട്ടം 52(vii) പ്രകാരം ക്രമപ്രകാരമല്ലെന്ന് സ്പീക്കർ അറിയിക്കുകയും നോട്ടീസ് നിരസിക്കുകയും ചെയ്തു.

(ഇതേ തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) ജലാശയങ്ങളിലെ മാലിന്യങ്ങളും മണലും നീക്കം ചെയ്ത് സ്വാഭാവിക ഒഴുക്ക് നിലനിർത്തേണ്ടതിന്റെയും ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. ജോബ് മൈക്കിൾ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP.1269/2024

(2) കണ്ണൂർ വിമാനത്താവളത്തിൽ നിന്നുമുള്ള വിമാന സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനും വിമാനത്താവളം അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ അനിവാര്യത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സജീവ് ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീമതി ഉമ തോമസ് | പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള കൊച്ചി മെട്രോ രണ്ടാംഘട്ട പ്രവൃത്തി | ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയം ഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി |
| 2. | ശ്രീ. ഐ.സി. ബാലകൃഷ്ണൻ | കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. അനൂപ് ജേക്കബ് | കണ്ടനാട് ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി വിട്ടുനൽകുന്നവരുടെ നഷ്ടപരിഹാരതുക | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 4. | ശ്രീ. ലിന്റോ ജോസഫ് | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം | ബഹു. പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ശ്രീ. വി. ശശി | അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രവർത്തനം | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 6. | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം | ബഹു. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

(i) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2023-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ii) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :

പന്ത്രണ്ടാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ സഭയിൽ വായിച്ചു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിന് നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

അനൗദ്യോഗിക അംഗങ്ങളുടെ കാര്യം :

1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ :

(i) ശ്രീ. അനൂപ് ജേക്കബ് നോട്ടീസ് നൽകിയിരുന്ന 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള

ഉപക്ഷേപം അവതരിപ്പിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി സംസാരിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

(ii) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നോട്ടീസ് നൽകിയിരുന്ന 2022-ലെ ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി സംസാരിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

(iii) ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിരുന്ന The Kerala Fireforce (Amendment) Bill, 2024-ന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി സംസാരിച്ചു അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു

(iv) ശ്രീ. ടി. സിദ്ദിഖ് നോട്ടീസ് നൽകിയ 2022-ലെ കേരള ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തകർ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ബഹു. റവന്യ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയ്ക്ക് വേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു

(v) ശ്രീ. സജീവ് ജോസഫ് നോട്ടീസ് നൽകിയ 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയ്ക്ക് വേണ്ടി ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള തുടർ ചർച്ച :

(i) ശ്രീ. പി. പി. ചിത്തരഞ്ജൻ 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനഃരാരംഭിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റിവച്ചു.

ii) ശ്രീ. പി. സി. വിഷ്ണുനാഥ് 2021-ലെ കേരള പ്രീസ്കൂൾ കിന്റർ ഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനഃരാരംഭിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റിവച്ചു.

2024 ഒക്ടോബർ 14- ാം തീയതി, തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 12.30- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Twelfth Session

## BULLETIN—PART I

(Brief Record of Proceedings)

*Friday, October 11, 2024*

**English Version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

Questions:

Four Questions in the list of Questions posted for the day were answered orally.

Correction of answer to Unstarred Questions:

The Corrected answer to Unstarred question No. 1853 dated 20th June 2024 of Eleventh session of Fifteenth Kerala Legislative Assembly was laid on the Table by Shri. K. B. Ganesh Kumar, Minister for Transport.

Adjournment Motion:

Smt. K. K. Rema and five other members had given a notice for moving an adjournment motion regarding the said public concerns about the lack of follow up investigation into the revelations in the Hema Committee report, and the proceedings of the House should be suspended to discuss the matter. The Speaker informed the House that the notice was not in order as per rule 52(vii), and was disallowed.

(Following this, the Members belonging to opposition staged a walkout.)

Calling Attention :

1. Shri. Job Maichil invited the attention of the Minister for Water Resources to the necessity to maintain natural flow in the Water bodies by dredging and to formulate a permanent system for the removal of weeds from them. The Minister for Water Resource made a statement in this regard.

2. Shri. Sajeev Joseph invited attention of the Chief Minister to the necessity to bring to the notice of the Central Government the inevitability to increase the number of flight services from Kannur Airport and to develop the Airport into International standards. For Chief Minister, the Minister for Local Self Governments, Excise and Parliamentary Affairs made a statement in this regard.

The Matters under Rule 304:

The matters raised in the House by the Members under Rule 304 are listed below :

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീമതി ഉമ തോമസ് | പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള കൊച്ചി മെട്രോ രണ്ടാംഘട്ട പ്രവൃത്തി | ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയം ഭരണം, എക്സൈസ്, പാർലമെന്ററികാര്യം വകുപ്പുമന്ത്രി |
| 2. | ശ്രീ. ഐ.സി. ബാലകൃഷ്ണൻ | കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. അനൂപ് ജേക്കബ് | കണ്ടനാർ ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി വിട്ടുനൽകുന്നവരുടെ നഷ്ടപരിഹാരത്തുക | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 4. | ശ്രീ. ലിന്റോ ജോസഫ് | ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കുവേണ്ടി ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 5. | ശ്രീ. വി. ശശി | അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ പ്രവർത്തനം | ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി |
| 6. | ശ്രീ. കുറുക്കോളി മൊയ്തീൻ | തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം | ബഹു. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The ministers made the statement regarding the respective issue.

Presentation of Reports :

(i) The Reports of the Subject Committee-IV on The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2024 and The Kerala Micro Small and Medium Enterprises and Other Enterprises Facilitation (Amendment) Bill, 2024 were presented.

(ii) The Report of the Subject Committee-XII on The Kerala Clinical Establishments (Registration and Regulation) Amendment Bill, 2024 was presented.

Leave of Absence from sittings of the House

Speaker took pleasure of the House regarding application as per rule 170(1) submitted by Shri. K. Babu (Thripoonithura) for grant of leave of absence of from the twelfth sitting of the House. Shri. K. Babu (Thripoonithura) was given permission by the House to be absent from the sitting.

Private Members' Business :

1. The Fifteenth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

2. Motion for leave to introduce the following bills:

(i) Shri. Anoop Jacob moved the motion for leave to introduce The Kerala Human Trafficking Activities (Prevention) Bill, 2022 given notice by him. Since the motion was opposed by the Minister for Local Self Governments, Excise and Parliamentary Affairs on behalf of the Chief Minister, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(ii) Shri. Eldose P. Kunnappillil moved the motion for leave to introduce Ensuring Removal and Rehabilitation of Aggressive (Ferocious) Animals Roaming in Residential Areas to Safe Abodes Bill, 2022 given notice by him. Since the motion was opposed by the Minister for Forests and Wildlife, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iii) Dr. N. Jayaraj moved the motion for leave to introduce The Kerala Fireforce (Amendment) Bill, 2024 given notice by him. Since the motion was opposed by the Minister for Local Self Governments, Excise and Parliamentary Affairs on behalf of the Chief Minister. the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iv) Shri. T. Siddique moved the motion for leave to introduce The Kerala Disaster Management Volunteers' Protection Bill, 2024 given notice by him. Since the motion was opposed by the Minister for Local Self Governments, Excise and Parliamentary Affairs on behalf of the Minister for Revenue and Housing, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(v) Shri. Sajeev Joseph moved the motion for leave to introduce The Tourism sector Employees' Welfare fund Bill, 2024 given notice by him. Since the motion was opposed by the Minister for Higher Education and Social Justice on behalf of the Minister for Public Works and Tourism, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

3. Motion for leave to introduce the following bill (Continuation of Discussion) :

(i) Shri. P. P. Chitharanjan continued the statement regarding the leave to introduce The Kerala Preservation, Maintenance and Construction of Playgrounds Bill, 2021 given notice by him. The statement was inconclusive and set aside for continuation of discussion.

(ii) Shri. P. C. Vishnunadh continued the statement regarding the leave to introduce The Kerala Constitution of Playschool Kindergarten Registration Authority Bill, 2021 given notice by him. The statement was inconclusive and set aside for continuation of discussion.

The House adjourned at 12.30 p.m. to meet again at 9.00 a.m on Monday, October 14, 2024.

DR. N. KRISHNA KUMAR,

*Secretary.*